(എ) വെള്ളപൊക്ക ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുവാൻ സ്ഥിരമായ സംരക്ഷണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം ദുരിതമനുഭവിക്കുന്നവർക്ക് ശാശ്വത പരിഹാരം കാണുന്നതിനായി ആറ്റുതീരസംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭത്തിൽപ്പെട്ട് ദുരിതമനുഭവിക്കുന്നവരെ മാറ്റി പാർപ്പിക്കേണ്ട ആവശ്യത്തിനായി സംരക്ഷണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

75 (888) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിപ്രകാരം ആലപ്പുഴ നഗരത്തിൽ 1995 മേയ് മാസം മുതൽ 2001 നാളിതുവരെയായി എത്ര കോടി രൂപയ്ക്കുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഭരണാനുമതി നൽകിയ മുഴുവൻ പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഓരോ വർഷവും ഭരണാനുമതി നൽകിയ പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 91 പണികൾക്കായി 1,34,75,000 രൂപയുടെ ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) 1996-ൽ 14 പണികൾക്കും 1997-ൽ 5 പണികൾക്കും 1998-ൽ 15 പണികൾക്കും 1999-ൽ 24 പണികൾക്കും 2000-ൽ 33 പണികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിയിൽപെടുന്ന റോഡുകളുടെ പുനരുദ്ധാരണം

76 (889) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിൽപ്പെട്ട എഴുകോൺ, കരീപ്ര, വെളിയം, പൂയപ്പള്ളി, നെടുവത്തൂർ പഞ്ചായത്തിലും, വെട്ടിക്കവല ബ്ലോക്കിൽപെട്ട പവിത്രേശ്വരം പഞ്ചായത്തിലും, ചടയമംഗലം ബ്ലോക്കിൽപ്പെട്ട വെളിനല്ലൂർ പഞ്ചായത്തിലും 1997 മുതൽ ബനിഫിഷ്യറികമ്മിറ്റി എടുത്തിട്ടും പണി തുടങ്ങാത്തതും എഗ്രിമെന്റ് വയ്ക്കാത്തതുമായ കാലവർഷക്കെടുതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിന് അനുമതി നൽകിയ ഗ്രാമീണ റോഡുകളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി വച്ചിരിക്കുന്നു. †

(ബി) മേൽപ്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വടക്കുംപാടം ഭാഗത്തെ അനധികൃത മണൽവാരൽ തടയാൻ നടപടി

77 (891) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ പഞ്ചായത്തിൽപ്പെട്ട വടക്കുംപാടം പ്രദേശത്തു നിന്ന് മണൽ അനധികൃതമായി കോയമ്പത്തൂർ ഭാഗങ്ങളിലേക്ക് കടത്തികൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ആർ. ഡി. ഒ. യ്ക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അനധികൃത മണൽവാരൽ തടയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത മണൽവാരൽ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ നടപടി സ്വീകരിക്കുന്നതാണ്.

എ. കെ. ഖാദർകുട്ടിക്ക് ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

78 (893) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിൽപ്പെട്ട പേര്യ വില്ലേജിൽ എ. കെ. ഖാദർകുട്ടി സർവ്വെ നമ്പർ 88/1 എ1-ൽപ്പെട്ട 397 ഏക്കർ സ്ഥലം മൂപ്പിൽനായർ എന്ന ആളിൽ നിന്നും പാട്ടത്തിന് വാങ്ങിയിട്ടുണ്ടോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 76 (889)-ന്റെ ഉത്തരം കാണുക]

	റോഡിന്റെ പേര്	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)
1.	കുഴിക്കലഴികം - കാര്യവേലിൽ മുക്കാലിൽ ഭാഗം റോഡ്	1.00
2.	തറുപറക്കോണം - ഇ. എസ്. ഐ. റോഡ് (ഒന്നാംഘട്ടം)	1.00
3.	തറുപറക്കോണം - ഇ. എസ്. ഐ. റോഡ് (രണ്ടാം ഘട്ടം)	1.00
4.	പുന്നക്കീഴിൽ - ആലുവിള റോഡ്	2.00
5.	കൊച്ചാഞ്ഞിലിമുക്ക് - എം. എൽ. ജംഗ്ഷൻ റോഡ്	1.00
6.	ആശാരിമുക്ക് - കൊച്ചുതാഴതിൽ റോഡ്	1.00
7.	റ്റി. എച്ച്. എസ്. ജംഗ്ഷൻ - തുണ്ടിൽഭാഗം റോഡ്	1.00
	നെടുവത്തൂർ പഞ്ചായത്ത്	
1.	പൂന്തോട്ടം - തോയിത്തല ഹരിജൻകോളനി റോഡ്	1.00
2.	പാലൂക്കോണം കാവുംഭാഗം മുതൽ ഈശ്വരവിലാസം ഹൈസ്ക്കൂൾ റോഡ്	2.00
3.	കോട്ടത്തല പനയിൽ - കാവുംചേല റോഡ്	1.00
	വെട്ടിക്കല ബ്ലോക്ക്	
	പവിത്രേശ്വരം പഞ്ചായത്ത്	
11.	തോട്ടവിള ജംഗ്ഷൻ മുതൽ ചൂരക്കാട് ഏലാ റോഡ്	1.00
	ചടയമംഗലം ബ്ലോക്ക്	
	വെളിനല്ലൂർ പഞ്ചായത്ത്	

1997 മുതൽ ബനിഫിഷ്യറി കമ്മിറ്റി എടുത്തിട്ടും പണി തുടങ്ങാത്തതും, എഗ്രിമെന്റ് വയ്ക്കാത്തതുമായ റോഡ് പണികളൊന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly